# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 497 02.12.2014-ലെ മറുപടിക്ക്

## നികുതി / നികുതി ഇതര വരുമാന മാർഗ്ഗങ്ങൾ

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനെ തുടർന്ന്, തന്നാണ്ടിൽ കൂടുതൽ ; നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായോ ; വിശദമാക്കാമോ ; | നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഇല്ല.<br><br>നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ കണ്ടെത്തിയ നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ ; | |

| | | |
|---|---|---|
| (സി) | കണ്ടെത്തിയ നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഏതെല്ലാം നടപ്പിലാക്കുകയുണ്ടായി; ഓരോ ഇനത്തിലൂടെയും തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടി വീതമാണ് ; വിശദ വിവരം ലഭ്യമാക്കുമോ ; | എല്ലാ തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റേയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ഇതിന് പുറമെ പുതിയ നയത്തിന്റെ ഭാഗമായി നിർത്തലാക്കിയ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതിയിന്മേൽ 5% അധിക സെസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇതുവഴി 1130 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. 100 കോടി രൂപ അധികവരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു. സിഗററ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽ നിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാനും തീരുമാനിച്ചു. പ്രതിവർഷം 264 കോടി രൂപ പ്രതീക്ഷിക്കുന്നു.<br>പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽ നിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിലൂടെ 520 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു. ആഢംബര വാഹനങ്ങളുടെ നികുതി വർദ്ധിപ്പിച്ചതിലൂടെ 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി / ആഢംബര നികുതി എന്നിവ വർദ്ധിപ്പിച്ചതിലൂടെ 150 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br>നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. |

| | | |
|---|---|---|
| (ഡി) | അടുത്ത സാമ്പത്തിക വർഷം (2015–16) നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനം എത്ര കോടി രൂപ വീതമാണ്; | സാമ്പത്തിക വർഷം (2015–16) നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനം കണക്കാക്കിയിട്ടില്ല. |
| (ഇ) | ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് നടപ്പാക്കിയവ ഏതൊക്കെയായിരുന്നു; പുതുതായി നിയമ നിർമ്മാണം നടത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നവ ഏതൊക്കെ ; എക്സിക്യൂട്ടീവ് ഉത്തരവ് വഴി നടപ്പിലാക്കിയ വരുമാന വർദ്ധനയ്ക്കുള്ള നടപടികൾ എന്തൊക്കെയായിരുന്നു ; വിശദ വിവരം നല്കുമോ ? | ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, വൈൻ, സിഗററ്റ് എന്നിവയുടെ വിൽപന നികുതി, ഭൂനികുതി, തോട്ടം നികുതി, ആഢംബര വാഹനങ്ങൾക്കുള്ള നികുതി എന്നിവ ഓർഡിനൻസ് വഴിയും ഭൂമിയുടെ ന്യായവില, പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തിയ ഉത്തരവ്, കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി / ആഢംബര നികുതി എന്നിവ എക്സിക്യൂട്ടീവ് ഉത്തരവ് വഴിയും നടപ്പിലാക്കിയിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂസർ ഫീ, സർവ്വീസ് ചാർജ്ജ് എന്നിവയും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ